LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജലത്തിന്റെ അമിത ഉപയോഗം കുറയ്ക്കുന്നതിനും ചെടികൾക്ക് നൽകുന്ന വളങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനുമായി 2014-15-ൽ കൃഷി വകുപ്പ് Micro Irrigation with Fertigation (വളപ്രയോഗത്തോടുകൂടിയ ഡ്രിപ് ഇറിഗേഷൻ പദ്ധതി) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഡ്രിപ്പ് ഇറിഗേഷൻ ഉൾപ്പെടുത്തി കണിക ജലസേചന പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള നടപ്പിലാക്കിവരുന്നു.

(സി&ഡി) 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി Micro Irrigation with Fertigation എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 50 സെന്റ് സ്ഥലത്ത് ഈ യൂണിറ്റ് നടപ്പിലാക്കാനായി കൃഷി വകുപ്പ് 30,000 രൂപ സബ്സിഡിയായി നൽകുന്നു. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കണിക ജലസേചന പദ്ധതിക്കായി കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 45 ശതമാനം ധനസഹായമായി നൽകിവരുന്നു.

പാരമ്പര്യ ഔഷധച്ചെടികളുടെ സംരക്ഷണം

163 (3137) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യ ഔഷധച്ചെടികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഔഷധച്ചെടികൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ ഏതെല്ലാം ഫാമുകളിൽ നിന്ന് അത് ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം ഔഷധസസ്യ മിഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഔഷധ സസ്യ മിഷൻ-കേരളയുടെ 2015-16 വർഷത്തെ വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കൃഷി വകുപ്പിനു കീഴിൽ പ്രധാനമായും 4 ഫാമുകളിൽ ഔഷധ സസ്യ തൈകൾ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്:

1. എറണാകുളം ജില്ലയിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്ന് കുവളത്തിന്റെ തൈകൾ വിതരണം നടത്തുന്നുണ്ട്.

2. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടത്തിൽ ചിറ്റരത്ത എന്ന ഔഷധ സസ്യത്തിന്റെ തൈ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്.

3. പാലക്കാട് ISDF എരുത്തേമ്പതിയിൽ രാമച്ചം, കറ്റാർവാഴ, കല്ലുരുക്കി, പ്രഷർചീര, ഇളസി എന്നിവയുടെ തൈകൾ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തുന്നു.

4. കോഴിക്കോട് ജില്ലയിലെ കുത്താളി ജില്ലാ ഫാമിൽ ആടലോടകം, പനിക്കൂർക്ക, ഇരുവേലി, നാഗദന്തി, ബ്രഹ്മി, നാരകം, അഗത്തിച്ചീര, കരിനെച്ചി, ആര്യവേപ്പ്, പാച്ചോറ്റി, തിപ്പലി, പെപ്പർമിന്റ്, ഇളസി, ലക്ഷ്മിതരു, മുള്ളൻ ചക്ക, തഴുതാമ എന്നിങ്ങനെ വിവിധയിനം ഔഷധച്ചെടികളുടെ തൈകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു.

നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

164 (3138) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ/പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ നെല്ലുൽപ്പാദനം എത്ര ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഉപയോഗ ശൂന്യമായി കിടക്കുന്ന വയലുകൾ കൃഷി യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly